**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 546** **10-02-2025 - ൽ മറുപടിയ്ക്ക്**

**ലോട്ടറി ടിക്കറ്റ് വിൽപ്പനയിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച ലാഭം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. പി. മമ്മിക്കുട്ടി</th><th colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് 2023-24 കാലയളവിൽ ലോട്ടറി വകുപ്പ് വിറ്റ ലോട്ടറി ടിക്കറ്റുകൾ ഏതൊക്കെയാണെന്നും ഇവയുടെ ഓരോ ടിക്കറ്റിന്റെയും പേരും വിലയും എത്രയാണെന്നും വിശദമാക്കാമോ;</td><td>(എ)</td><td>2023-2024 കാലയളവിൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നിന്നും വിൽപ്പന നടത്തിയിട്ടുള്ള ഭാഗ്യക്കുറി ടിക്കറ്റുകളുടെ പേരും, വിലയും ചുവടെ ചേർക്കുന്നു.<br><br><table><tr><th>ഭാഗ്യക്കുറി</th><th>വിൽപ്പന വില (₹)</th></tr><tr><td>വിൻവിൻ</td><td>40/-</td></tr><tr><td>സ്ത്രീ ശക്തി</td><td>40/-</td></tr><tr><td>ഫിഫ്റ്റി-ഫിഫ്റ്റി</td><td>50/-</td></tr><tr><td>കാരുണ്യ പ്ലസ്</td><td>40/-</td></tr><tr><td>നിർമൽ</td><td>40/-</td></tr><tr><td>കാരുണ്യ</td><td>40/-</td></tr><tr><td>അക്ഷയ</td><td>40/-</td></tr><tr><td>ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ</td><td>400/-</td></tr><tr><td>സമ്മർ ബമ്പർ</td><td>250/-</td></tr><tr><td>വിഷു ബമ്പർ</td><td>300/-</td></tr><tr><td>മൺസൂൺ ബമ്പർ</td><td>250/-</td></tr><tr><td>തിരുവോണം ബമ്പർ</td><td>500/-</td></tr><tr><td>പൂജ ബമ്പർ</td><td>300/-</td></tr></table></td></tr>
<tr><td>(ബി)</td><td>ലോട്ടറി ടിക്കറ്റ് വിൽക്കുമ്പോൾ ഓരോ ടിക്കറ്റിനും എത്ര ശതമാനമാണ് കമ്മീഷനായി ഏജന്റുമാർക്കും മറ്റ് കച്ചവടക്കാർക്കും ലഭിക്കുന്നതെന്ന് വിശദമാക്കാമോ; സംസ്ഥാനത്ത് വിൽക്കുന്ന എല്ലാ ടിക്കറ്റുകൾക്കും ഒരുപോലെയാണോ കമ്മീഷൻ നൽകിവരുന്നതെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് പുറത്തിറക്കുന്ന പ്രതിവാര ഭാഗ്യക്കുറികളിൽ ഫിഫ്റ്റി-ഫിഫ്റ്റി ഒഴികെയുള്ള ഭാഗ്യക്കുറികൾക്ക് വില്പനയിന്മേലുള്ള ഡിസ്കൗണ്ട്, സമ്മാനത്തുകയിന്മേലുള്ള കമ്മീഷൻ എന്നിവ ഒരേ നിരക്കിലും ബമ്പർ ഭാഗ്യക്കുറികളിൽ തിരുവോണം ബമ്പർ ഒഴികെയുള്ള ഭാഗ്യക്കുറികളിൽ വില്പനയിന്മേലുള്ള ഡിസ്കൗണ്ട്, ഒരേ നിരക്കിലും സമ്മാനത്തുകയിന്മേലുള്ള കമ്മീഷൻ എല്ലാ ബമ്പർ ഭാഗ്യക്കുറികൾക്കും ഒരേ നിരക്കിലും നൽകി വരുന്നു. ഓരോ ടിക്കറ്റിനും നൽകി വരുന്ന ടിക്കറ്റ് വില്പനയിന്മേലുള്ള ഡിസ്കൗണ്ട് നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

<table>
<tr><td></td><td></td><td></td><td>ഫിഫ്റ്റി-ഫിഫ്റ്റി, ബമ്പർ ഭാഗ്യക്കുറികളിൽ സമ്മാനത്തുകയുടെ 10 ശതമാനവും, മറ്റ് പ്രതിവാര ഭാഗ്യക്കുറികളിൽ 100 രൂപയ്ക്ക് മുകളിലുള്ള സമ്മാനത്തുകകൾക്ക് 12 ശതമാനവും, 100 രൂപയുടെ സമ്മാനത്തിന് 20 ശതമാനവും സമ്മനത്തുകയിന്മേലുള്ള കമ്മീഷൻ നൽകി വരുന്നു.</td></tr>
<tr><td>(സി)</td><td>2023-24 കാലയളവിൽ വിറ്റ ടിക്കറ്റിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച ലാഭം എത്രയാണെന്ന് വിശദമാക്കാമോ; ഇത്തരത്തിൽ കഴിഞ്ഞ അഞ്ച് വർഷവും സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഈ വകുപ്പിന്റെ സംഭാവന എത്രവീതം ആയിരുന്നു എന്ന് വിശദമാക്കാമോ?</td><td>(സി)</td><td>2023-24 കാലയളവിൽ വില്പന നടത്തിയ ഭാഗ്യക്കുറി ടിക്കറ്റുകളിൽ നിന്നും 1203.27 കോടി രൂപ അറ്റാദായം ലഭിച്ചിട്ടുണ്ട്.<br><br>കഴിഞ്ഞ 5 വർഷത്തെ വിറ്റുവരവ്, അറ്റാദായം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം.</th><th>സാമ്പത്തിക വർഷം</th><th>വിറ്റുവരവ് (തുക കോടിയിൽ)</th><th>അറ്റാദായം (തുക കോടിയിൽ)</th></tr>
<tr><td>1</td><td>2019-20</td><td>9972.09</td><td>1763.69</td></tr>
<tr><td>2</td><td>2020-21</td><td>4910.83</td><td>472.70</td></tr>
<tr><td>3</td><td>2021-22</td><td>7144.54</td><td>559.64</td></tr>
<tr><td>4</td><td>2022-23</td><td>11890.96</td><td>1018.63</td></tr>
<tr><td>5</td><td>2023-24</td><td>12529.26</td><td>1203.27</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വിൻവിൻ, സ്ത്രീശക്തി, കാരുണ്യ പ്ലസ്, നിർമ്മൽ, കാരുണ്യ, അക്ഷയ

| ടിക്കറ്റുകളുടെ എണ്ണം | ഡിസ്കൗണ്ട് നിരക്ക് (%) |
|---|---|
| 2000 വരെ | 24 |
| 2001 മുതൽ 8400 വരെ | 24.75 |
| 8400 ന് മുകളിൽ | 25.5 |

## ഫിഫ്റ്റി-ഫിഫ്റ്റി

| ടിക്കറ്റുകളുടെ എണ്ണം | ഡിസ്കൗണ്ട് നിരക്ക് (%) |
|---|---|
| 1500 വരെ | 22 |
| 1501 മുതൽ 6000 വരെ | 22.75 |
| 6000 ന് മുകളിൽ | 23.50 |

## ബമ്പർ ഭാഗ്യക്കുറികൾ

**(വിഷു ബമ്പർ, മൺസൂൺ ബമ്പർ, പൂജാ ബമ്പർ, ക്രിസ്തുമസ് ബമ്പർ, സമ്മർ ബമ്പർ)**

| ടിക്കറ്റുകളുടെ എണ്ണം | ഡിസ്കൗണ്ട് നിരക്ക് (%) |
|---|---|
| 1 മുതൽ 1000 വരെ | 23.5 |
| 1001 ന് മുകളിൽ | 24.5 |

**(തിരുവോണം ബമ്പർ)**

| ടിക്കറ്റുകളുടെ എണ്ണം | ഡിസ്കൗണ്ട് നിരക്ക് (%) |
|---|---|
| 1 മുതൽ 1000 വരെ | 24.5 |
| 1001 ന് മുകളിൽ | 25.5 |

**സെക്ഷൻ ഓഫീസർ**